# സ്വാതന്ത്ര്യാനന്തര ഭാരതം

## നാട്ടുരാജ്യങ്ങളുടെ സംയോജനം

- സ്വാതന്ത്ര്യാനന്തരം ഇന്ത്യ നേരിട്ട ഏറ്റവും വലിയ വെല്ലുവിളിയായിരുന്നു നാട്ടുരാജ്യങ്ങളുടെ സംയോജനം. കേന്ദ്ര മന്ത്രിസഭയിലെ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട വകുപ്പിന്റെ ചുമതല സർദാർ വല്ലഭായി പട്ടേൽ 1947 ജൂലൈയിൽ ഏറ്റെടുത്തു. 1947 ഓഗസ്റ്റ് 15-ഓടെ തന്നെ **ജുനഗഡ് കശ്മീർ, ഹൈദരാബാദ്** എന്നിവയൊഴികെ എല്ലാ നാട്ടുരാജ്യങ്ങളും ഇന്ത്യൻ യൂണിയന്റെ ഭാഗമായി.
- സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ഇന്ത്യയിലുണ്ടായിരുന്ന നാട്ടുരാജ്യങ്ങളുടെ എണ്ണം - **563**
- നാട്ടുരാജ്യങ്ങളുടെ ലയനത്തിൽ സർദാർ പട്ടേലിന്റെ വലംകൈയായി പ്രവർത്തിച്ച മലയാളി - **വി.പി മോനോൻ**
- ജുനഗഡ് ഇന്ത്യൻ യൂണിയനിൽ ചേർന്നത് - **1948 ഫെബ്രുവരി സൈനിക നടപടിയിലൂടെ**
- ഹൈദരബാദ് ഇന്ത്യൻ യൂണിയനിൽ ചേർന്നത് - **1948 സെപ്റ്റംബറിൽ**
- കശ്മീർ ഇന്ത്യൻ യൂണിയനിൽ ചേർന്നത് - **1947 ഓക്ടോബർ 26ന്**
- ഫ്രഞ്ച് കോളനിയായിരുന്ന ചന്ദ്രനഗർ ഇന്ത്യയുടെ ഭാഗമായത് - **1949-ൽ**
- ഫ്രഞ്ച് കോളനികളായിരുന്ന പോണ്ടിച്ചേരി, കാരയ്ക്കൽ, മാഹി, യാനം എന്നിവ ഇന്ത്യയിൽ ലയിച്ചത് - **1954-ൽ**
- പോർച്ചുഗീസ് കോളനികളായിരുന്ന ദാദ്ര, നഗർഹവേലി എന്നിവ ഇന്ത്യയോട് ചേർക്കപ്പെട്ടത് - **1954**
- ഗോവ, ദാമൻ, ദിയു എന്നീ പോർച്ചുഗീസ് കോളനികൾ ഇന്ത്യൻ യൂണിയനിൽ ചേർന്നത് - **1961-ൽ**
- പോർച്ചുഗീസ് കോളനികൾ ആയിരുന്ന ഗോവയെ മോചിപ്പിക്കാനുള്ള സൈനിക നടപടി - **ഓപ്പറേഷൻ വിജയ്**

## ഭാഷാസംസ്ഥാന രൂപീകരണം

- ഭാഷാ അടിസ്ഥാനത്തിനുള്ള സംസ്ഥാന രൂപീകരണത്തിനായി നിയമിക്കപ്പെട്ട കമ്മീഷൻ - **ഫസൽ അലി കമ്മീഷൻ (1953)**
- ഫസൽ അലി കമ്മീഷനിലെ മറ്റ് അംഗങ്ങൾ - **എച്ച്.എൻ ഖുൻസ്രു, മലയാളിയായ കെ.എം പണിക്കർ**
- ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ രൂപംകൊണ്ട ആദ്യ സംസ്ഥാനം - **ആന്ധ്ര (1953)**
- കമ്മീഷൻ നിർദ്ദേശപ്രകാരം ഭാഷാടിസ്ഥാനത്തിലുള്ള 14 സംസ്ഥാനങ്ങളും 6 കേന്ദ്രഭരണ പ്രദേശങ്ങളും നിലവിൽ വന്നത് - **1956 നവംബർ 1ന്**

Career Focus

## പഞ്ചശീല തത്വങ്ങൾ (1954)

- പരസ്പര ബഹുമാനത്തോടും സഹവർത്തിത്വത്തോടും കൂടെ മുന്നോട്ടുപോകാനുള്ള ഇന്ത്യയുടെയും ചൈനയുടെയും തീരുമാനമാണ് പഞ്ചശീല തത്വങ്ങളുടെ അടിസ്ഥാനം.
- പഞ്ചശീല തത്വങ്ങളിൽ ഒപ്പുവെച്ച രാജ്യങ്ങൾ - **ഇന്ത്യയും ചൈനയും**
- ഇന്ത്യൻ പ്രധാനമന്ത്രി നെഹ്റുവും ചൈനീസ് പ്രധാനമന്ത്രി ചൗ-എൻ-ലായിയുമാണ് പഞ്ചശീല തത്വങ്ങളിൽ ഒപ്പുവെച്ചത്.

## ചേരിചേരാ പ്രസ്ഥാനം (Non-Aligned Movement)

- രണ്ടാം ലോകമഹായുദ്ധത്തിനുശേഷം നിലനിന്നിരുന്ന ശീതസമരത്തിനെതിരെയും കോളനിവൽക്കരണത്തിനെതിരെ വികസനോന്മുഖമായി പ്രവർത്തിക്കാനും തീരുമാനമെടുത്ത അഫ്രോ-ഏഷ്യൻ രാജ്യങ്ങളുടെ കൂട്ടായ്മയാണ് ചേരിചേരാ പ്രസ്ഥാനം (NAM). ചേരിചേരാ നയം എന്നത് ജവഹർലാൽ നെഹ്റുവിന്റെ ആശയമായിരുന്നു.
- ചേരിചേരാ പ്രസ്ഥാനത്തിന്റെ (NAM) രൂപീകരണത്തിന് വഴിവെച്ച പ്രധാന സമ്മേളനം - ബാന്ദുങ്ങ് സമ്മേളനം (1955)
- NAM രൂപീകരിക്കപ്പെട്ടത് - **1961-ൽ ബെൽഗ്രേഡിൽ വച്ച്**
- NAM ന്റെ സ്ഥാപക നേതാക്കൾ - നെഹ്റു, ഇന്തോനേഷ്യയുടെ സുകാർണോ, യുഗോസ്ലാവ്യയുടെ ടിറ്റോ, ഈജിപ്റ്റിലെ അബ്ദുൾ നാസർ, ഘാനയിലെ ക്വാമി.എൻ. ക്രുമ

## ഇന്ത്യ-ചൈന യുദ്ധം

- 1962-ലെ ഇന്ത്യ-ചൈന യുദ്ധത്തിന് കാരണം - ഇന്ത്യയിലേക്ക് പലായനം ചെയ്ത ദലൈ ലാമയ്ക്ക് ഇന്ത്യ അഭയം നൽകിയത്
- ദലൈ ലാമ ഇന്ത്യയിൽ തങ്ങിയത് - **തവാംഗിലെ ബുദ്ധ വിഹാരത്തിൽ**
- ഇന്ത്യ-ചൈന യുദ്ധം പൊട്ടിപ്പുറപ്പെട്ടത് - **1962 സെപ്റ്റംബർ 10ന്**
- യുദ്ധത്തിൽ ഇന്ത്യ പരാജയമേറ്റു വാങ്ങി. തവാംഗും അരുണാചൽ പ്രദേശിന്റെ പലഭാഗങ്ങളും ചൈനയുടെ അധീനത്തിലായി.

### ഇന്ത്യ-പാക്ക് യുദ്ധം (1965)

- പാക്കിസ്ഥാൻ ഇന്ത്യയെ ആക്രമിച്ചത് - **1965 സെപ്റ്റംബർ**
- പക്ഷേ, ഈ യുദ്ധത്തിൽ പാക്കിസ്ഥാൻ പരാജയപ്പെട്ടു. 1965 സെപ്റ്റംബർ 22ന് യു.എൻ രക്ഷാസമിതി പാസാക്കിയ വെടിനിർത്തൽ പ്രമേയത്തെ തുടർന്ന് യുദ്ധം അവസാനിച്ചു.

### താഷ്കന്റ് കരാർ (1966)

- ഇന്ത്യയും പാകിസ്ഥാനും തമ്മിൽ ഒപ്പുവെച്ച സമാധാന കരാറാണ് താഷ്കന്റ് കരാർ.
- താഷ്കന്റ് കരാർ ഒപ്പുവെച്ചത് - **ഇന്ത്യയ്ക്ക് വേണ്ടി അന്നത്തെ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയും പാക്കിസ്ഥാൻ പട്ടാളഭരണാധികാരി മുഹമ്മദ് അയൂബ്ഖാനും**
- താഷ്കന്റ് കരാർ ഒപ്പുവെച്ച ദിവസം - **1966 ജനുവരി 10**
- ഇപ്പോഴത്തെ ഉസ്ബെക്കിസ്ഥാന്റെ തലസ്ഥാനമായ താഷ്കന്റിൽ വച്ചാണ് താഷ്കന്റ് കരാർ ഒപ്പിട്ടത്.

### ബംഗ്ലാദേശ് രൂപീകരണം

- പാക്കിസ്ഥാന്റെ ഭാഗമായിരുന്ന ബംഗ്ലാദേശിന്റെ സ്വാതന്ത്ര പ്രഖ്യാപനം നടന്നത് - **1971-ൽ**
- ബംഗ്ലാദേശ് രൂപംകൊണ്ട പ്രവാസി സർക്കാരിന് രൂപംകൊടുത്തത് - **അവാമി ലീഗ് നേതാവായ മുജീബുർ റഹ്മാൻ**
- ഇന്ത്യൻ സേനയും ബംഗ്ലാദേശ് ഗൊറില്ലാ സേനയായ മുക്തിബാഹിനിയും ചേർന്നാണ് പാക്കിസ്ഥാൻ പട്ടാളത്തിനെതിരെ യുദ്ധം ചെയ്തത്. ഈ യുദ്ധത്തിൽ ഇന്ത്യക്ക് നിഷ്പ്രയാസം പാക്കിസ്ഥാനെ കീഴടക്കാൻ കഴിഞ്ഞു. 90,000 ത്തോളം പാക് സൈനികർ ഇന്ത്യയുടെ യുദ്ധതടവുകാരായി.

### സിംല കരാർ

- പാക്കിസ്ഥാന്റെ യുദ്ധതടവുകാരെ വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഇന്ത്യയും പാക്കിസ്ഥാനുമായി ഉണ്ടാക്കിയ കരാറാണ് സിംല കരാർ.
- സിംല കരാർ ഒപ്പുവെച്ചത് - **1972-ൽ**
- സിംല കരാറിൽ ഒപ്പുവെച്ചത് - **അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയും പാക് പ്രധാനമന്ത്രി സുൽഫിക്കർ അലി ഭൂട്ടോയും**

Career Focus

### ദേശീയാടിയന്താരാവസ്ഥ (1975)

- സ്വതന്ത്രാനന്തര ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും ഇരുണ്ട അധ്യായമാണ് 1975 ജൂൺ മുതൽ 1977 മാർച്ച് വരെ നീണ്ടുനിന്ന 21 മാസത്തെ ദേശീയ അടിയന്തരാവസ്ഥ.
- 1971-ൽ നടന്ന ലോക്സഭ തിരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധി തിരിമറികാട്ടിയെന്ന ബി.എൽ.ഡി നേതാവ് രാജ് നാരായണന്റെ ഹർജി പ്രകാരം ഇന്ദിരയുടെ തിരഞ്ഞെടുപ്പ് അസാധുവായെന്ന് പ്രഖ്യാപിച്ച കോടതി വിധിയാണ് ദേശീയാടിയന്താരാവസ്ഥ പ്രഖ്യാപിക്കാൻ ഇന്ദിരയെ പ്രേരിപ്പിച്ചത്.
- ആർട്ടിക്കിൾ 352 പ്രകാരം 1975-ലെ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ച ഇന്ത്യൻ പ്രസിഡന്റ് - **ഫക്രുദ്ദീൻ അലി അഹമ്മദ്**
- അടിയന്തരാവസ്ഥയ്ക്ക് ശേഷം തിരഞ്ഞെടുപ്പ് നടന്നത് - **1977 ജനുവരി 18ന്**
- ഈ തിരഞ്ഞെടുപ്പിൽ ഉത്തർപ്രദേശിലെ റായ്ബറേലി മണ്ഡലത്തിൽ ഇന്ദിരാഗാന്ധിയെ തോൽപ്പിച്ചത് - രാജ്നാരായണൻ.

### ഓപ്പറേഷൻ ബ്ലൂസ്റ്റാർ

- സമ്പൂർണ്ണ സിഖ് രാഷ്ട്രം സ്ഥാപിക്കാൻ പഞ്ചാബിനെ ഇന്ത്യൻ യൂണിയനിൽ നിന്ന് വേർപ്പെടുത്തുക എന്ന ലക്ഷ്യവുമായി പോരാടിയ ഖാലിസ്ഥാൻ തീവ്രവാദിക്കൾക്കെതിരെയുള്ള നീക്കമാണ് ഓപ്പറേഷൻ ബ്ലൂസ്റ്റാർ.
- 1984 ജൂണിൽ സുവർണ്ണക്ഷേത്രത്തിൽവച്ച് നടത്തിയ ഏറ്റുമുട്ടലിൽ ഖാലിസ്ഥാൻ തീവ്രവാദി നേതാവായ
- ബിന്ദ്രൻവാലെയെയും സംഘത്തെയും സൈന്യം വധിച്ചു. ഈ സംഭവത്തെതുടർന്ന് സിക്ക് ജനവിഭാഗങ്ങളിലുണ്ടായ അസംതൃപ്തിയും രോഷവുമാണ് 1984 ഒക്ടോബർ 31-ന് ഇന്ദിരാഗാന്ധിയുടെ വധത്തിൽ കലാശിച്ചത്.